(ബി) ഇല്ലെങ്കിൽ അതിന്റെ കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) 2000-ാമാണ്ടുവരെ 50 ലക്ഷം സ്റ്റാമ്പുകൾ അച്ചടിക്കുവാനുള്ള അനുമതി നൽകിയിരുന്നുവെങ്കിലും 2001-ൽ ഇത് 30 ലക്ഷമായി കുറയ്ക്കുവാനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) ശിശുദിന സ്റ്റാമ്പ് അച്ചടിക്കുവാൻ സാമൂഹ്യക്ഷേമ വകുപ്പ് ശുപാർശ ചെയ്തിട്ടുണ്ടോ;

(ഇ) ഇതിൻമേൽ സർക്കാർ എന്തുനടപടി എടുത്തു എന്ന് വ്യക്തമാക്കുമോ;

(എഫ്) ശിശുദിന സ്റ്റാമ്പ് തുടർന്നും അച്ചടിച്ച് വിൽപ്പന നടത്തുവാൻ ശിശുക്ഷേമസമിതിക്ക് അനുമതി നൽകുമോ?

ഉത്തരം

(എ, ബി) ഇല്ല. ശിശുക്ഷേമസമിതിയിലെ ധനദുർവിനിയോഗത്തെക്കുറിച്ച് ആരോപണം ഉണ്ടായതിനാൽ 2002-ലെ ശിശുദിന സ്റ്റാമ്പ് അച്ചടിക്കുന്നതിന് അനുമതി നൽകിയിരുന്നില്ല.

(സി) മുൻവർഷങ്ങളിൽ വളരെയധികം സ്റ്റാമ്പുകൾ വിൽക്കാതെ നശിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാലാണ് 2001-ൽ 30 ലക്ഷം സ്റ്റാമ്പ് അച്ചടിക്കുന്നതിന് അനുമതി നൽകിയത്.

(ഡി—എഫ്) 2003-ലെ ശിശുദിനാഘോഷങ്ങളോടനുബന്ധിച്ച് 2 രൂപ വിലയുള്ള 30 ലക്ഷം സ്റ്റാമ്പ് അച്ചടിച്ച് വിൽക്കുന്നതിന് 8-7-2003-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 288/03/സാ.ക്ഷേ.വ. പ്രകാരം സംസ്ഥാന ശിശുക്ഷേമസമിതി ജനറൽ സെക്രട്ടറിക്ക് അനുമതി നൽകിയിട്ടുണ്ട്.

അംഗൻവാടി ജീവനക്കാർക്ക് പെൻഷൻ പദ്ധതി

62 [3467] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി ജീവനക്കാർക്ക് പ്രോവിഡന്റ് ഫണ്ടും പെൻഷൻ പദ്ധതിയും നിലവിലുണ്ടോ; ഇല്ലെങ്കിൽ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത ജീവനക്കാർക്ക് ശമ്പള സ്കെയിലും വാർഷിക ഇൻക്രിമെന്റും അനുവദിക്കുമോ;

(സി) സംസ്ഥാന സർക്കാർ അംഗൻവാടി ജീവനക്കാർക്ക് 500 രൂപ വീതം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. ഐ. സി. ഡി. എസ്. ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. അംഗൻവാടി വർക്കർമാരും ഹെൽപ്പർമാരും ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കപ്പെടുന്ന സന്നദ്ധ പ്രവർത്തകരാണ്. ഇവർക്ക് പ്രോവിഡന്റ് ഫണ്ടും പെൻഷൻ പദ്ധതിയും അനുവദിക്കുന്ന കാര്യം തീരുമാനിക്കേണ്ടത് കേന്ദ്ര സർക്കാരാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം കേന്ദ്ര സർക്കാരാണ് നൽകുന്നത്. ശമ്പള സ്കെയിലും വാർഷിക ഇൻക്രിമെന്റും അനുവദിക്കണമോ എന്ന് തീരുമാനിക്കേണ്ടത് കേന്ദ്ര സർക്കാരാണ്.

(സി) സംസ്ഥാന സർക്കാർ വിഹിതമായി 300 രൂപ ഇപ്പോൾ നൽകുന്നുണ്ട്. ഇത് വർദ്ധിപ്പിക്കാൻ തൽക്കാലം കഴിയില്ല.

അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ലഭിച്ച തുക

63 [3468] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലോകബാങ്ക് സഹായത്തോടെ അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് എത്ര തുക ലഭിച്ചിട്ടുണ്ട്; ഈ തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോ; ഈ വായ്പയുടെ കാലാവധിയും മറ്റ് നിബന്ധനകളും എന്തൊക്കെയാണ്;

(ബി) ബേപ്പൂർ നിയോജകമണ്ഡലത്തിൽ ഇപ്രകാരം നിർമ്മിക്കുന്ന അംഗൻവാടി കെട്ടിടങ്ങൾ റീ-അലോക്കേറ്റ് ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ സാമൂഹ്യക്ഷേമ വകുപ്പിലെ ബി1/3400/2002/എസ്. ഡബ്ല്യു. ഡി. നമ്പർ ഫയൽ പ്രകാരം ഈ വിഷയത്തിലെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) മണ്ഡലത്തിൽ എത്ര അംഗൻവാടി കെട്ടിടങ്ങൾക്ക് ഇതേവരെ സ്ഥലം ലഭ്യമാക്കുകയും എന്നാൽ ലോക ബാങ്ക് വായ്പ ലഭിക്കാത്തതിന്റെ അടിസ്ഥാനത്തിൽ കെട്ടിടനിർമ്മാണം ആരംഭിക്കുവാൻ കഴിയാത്ത സ്ഥിതിയും ഉണ്ടായിട്ടുണ്ടോ;

(ഇ) റീഅലോക്കേഷൻ നടത്താൻ കാലതാമസം നേരിട്ടതിനെതുടർന്ന് സ്ഥലം ലഭ്യമായതും എന്നാൽ കെട്ടിടംപണി ആരംഭിക്കാത്തതുമായ എത്ര അംഗൻവാടികൾ ബേപ്പൂർ മണ്ഡലത്തിലുണ്ട്?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലോകബാങ്ക് സഹായത്തോടെ അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് തുകയൊന്നും ലഭിച്ചിട്ടില്ല.

(ബി) സർക്കാർ തലത്തിൽ തീരുമാനിച്ചിട്ടില്ല. എന്നാൽ ബേപ്പൂർ മണ്ഡലത്തിൽ 121 കെട്ടിടങ്ങൾക്ക് തുക അനുവദിക്കുകയും കെട്ടിടം പണി ആരംഭിക്കാത്ത 18 അംഗൻവാടി കെട്ടിടങ്ങൾ പണിയുവാൻ നൽകിയ തുക പിൻവലിക്കുവാൻ സാമൂഹ്യ ക്ഷേമ ഡയറക്ടർ ഉത്തരവിടുകയും അതിൻപ്രകാരം 11 എണ്ണത്തിന്റെ തുക പഞ്ചായത്തുകളിൽ നിന്നും മടക്കി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly